അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിൽ ട്രാൻസ്ഫോർമർ

13 (4004) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിലെ 2-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനെ തുടർന്ന് ഒരു ട്രാൻസ്ഫോർമർ അനുവദിക്കണമെന്ന അപേക്ഷയിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഈ തടസ്സങ്ങൾ മാറ്റി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരാതി ലഭിച്ചതനുസരിച്ച് സ്ഥലം പരിശോധിച്ചതിൽ നിന്നും കുത്തിയതോട് പഞ്ചായത്തിലെ 2-ാം വാർഡ് പ്രദേശത്ത് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 റെഗുലേഷൻ, 7 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള വോൾട്ടേജ് ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ആവശ്യം ഇപ്പോൾ നിലവിലില്ല.

എൽ. എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതി

14 (4005) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) താഴെപ്പറയുന്ന എൽ. എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട് :

1. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമായി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുവാനുള്ള ഏകദേശം 36-42 MW പദ്ധതി.

2. ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിന് സമീപം ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഏകദേശം 400 MW സ്ഥാപിത ശേഷിയുള്ള പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി.

3. പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ. എൻ. ജി. യുമായി സഹകരിച്ച് 1200 MW സ്ഥാപിതശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി.

4. കാസർഗോഡ് ജില്ലയിലെ ചീമേനി 1200 MW സ്ഥാപിത ശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി.

(സി) ബ്രഹ്മപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 400 MW സ്ഥാപിത ശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ പദ്ധതിയ്ക്ക വേണ്ടി സാങ്കേതിക (ടെക്നിക്കൽ) കൺസൾട്ടൻസിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നു. മറ്റ് പദ്ധതികൾ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് ആവശ്യാനുസരണം കൺസൾട്ടൻസിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) 1. ബ്രഹ്മപുരം വൈദ്യുത നിലയത്തിലെ പ്രവർത്തന രഹിതമായ രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം ഏകദേശം 36-42 MW സ്ഥാപിതശേഷി വരുന്ന ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും ലഭിച്ച ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയുമാണ്.

2. ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിനു സമീപം ഒഴിഞ്ഞ് കിടക്കുന്ന സ്ഥലത്ത് ഏകദേശം 400 MW സ്ഥാപിത ശേഷിയുള്ള കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ട് സ്ഥാപിക്കുന്നതിന് പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് M/s Bhagavathi Ana Labs, Hyderabad -നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

3. പുതുവൈപ്പിനിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം 1200 MW വാതകാധിഷ്ഠിത പദ്ധതിക്ക് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈമാറ്റം ചെയ്യുന്നതിന് എറണാകുളം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. കൊച്ചിൻ മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് ചീമേനിയിൽ 1200 MW പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നതാണ്.

എസ്കോ പദ്ധതി

15 (4006) ശ്രീ. പാലോട് രവി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ എസ്കോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) കാര്യക്ഷമതയോടെ ഊർജ്ജ ഉപഭോഗം പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുത വിതരണ ശൃംഖലയിലും, വാണിജ്യ, വ്യാവസായിക, ഗാർഹിക വിഭാഗങ്ങളിലും എനർജി ആഡിറ്റിംഗ് നടത്തി ഊർജ്ജ ക്ഷമത കാര്യക്ഷമമായി നടപ്പിലാക്കി വൈദ്യുത ഉപയോഗം പ്രോൽസാഹിപ്പിക്കുകയാണ് ലക്ഷ്യം. വൈദ്യുതി ലാഭിക്കുന്നതു വഴിയുള്ള ധന ലാഭത്തിൽനിന്നും മുടക്കുമുതൽ തിരിച്ചു പിടിക്കുന്നതിനുള്ള എസ്കോ മോഡൽ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly